കേരള മാരിടൈം സൊസൈറ്റി
മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് നീണ്ടകര കാമ്പസ്
നീണ്ടകര, കൊല്ലം - 691582. ഫോൺ: 0476 2686060

നമ്പർ: KMI/NKA/2013 തീയതി: 12.03.2013

## ലേലപരസ്യം

നീണ്ടകര തുറമുഖത്തെ നിലവിലുള്ള കാലപ്പഴക്കംചെന്ന ഡോർമിറ്ററി, കാന്റീൻ എന്നീ കെട്ടിടങ്ങൾ പൊളിച്ചു നീക്കം ചെയ്യുന്നതിനും അവ സ്വന്തം ഉപയോഗത്തിനായും മറ്റാവശ്യങ്ങൾക്കുമായി കൊണ്ടുപോകുന്നതിനും താഴെ പറയുന്ന പ്രകാരം ലേലം ചെയ്തു വിൽക്കുന്നതാണ്. കൂടാതെ താതൽപ്പര്യമുള്ള വ്യക്തികൾ സ്ഥാപനങ്ങൾ എന്നിവരിൽനിന്നും മൽസര സ്വഭവമുള്ള ക്വട്ടേഷനുകളും ക്ഷണിച്ചുകൊള്ളുന്നു.

| | | |
|---|---|---|
| സ്ഥലം | : | നീണ്ടകര തുറമുഖം |
| ക്വട്ടേഷൻ ലഭിക്കേണ്ട സമയം | : | 2013 മാർച്ച് 20, 02.00 PM |
| ലേല സമയം | : | 2013 മാർച്ച് 20, 02.30 PM |
| നിരതദ്രവ്യം | : | 1000/- രൂപ. ( സ്പെഷ്യൽ ഓഫീസർ, കേരള മാരിടൈം സൊസൈറ്റി, തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ്). |

കൂടുതൽ തുകയ്ക്കുള്ള ക്വട്ടേഷൻ/ലേലം കൊള്ളുന്നയാൾ നിരതദ്രവ്യം കിഴിച്ചുള്ള ലേലതുകയും മൊത്തം ലേലത്തുകയുടെ പന്ത്രണ്ടര ശതമാനം നികുതിയടക്കം (വാറ്റ്), സ്പെഷ്യൽ ഓഫീസർ, കേരള മാരിടൈം സൊസൈറ്റി, എന്ന വിലാസത്തിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി, 21.03.13-ാം തീയതി 5 മണിക്കു മുൻപ് ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ. ലേലം ഉറപ്പിച്ച കരാറുകാരൻ ഈ ഓഫീസിൽനിന്നും പ്രവൃത്തി ഉത്തരവ് കൈപ്പറ്റി പത്തു ദിവസത്തിനകം ടി കെട്ടിടങ്ങൾ പൊളിച്ചു നീക്കം ചെയ്യേണ്ടതുമാണ്. കെട്ടിടങ്ങൾ പൊളിച്ചു നീക്കം ചെയ്യുന്ന പ്രവ്യത്തി സ്വന്തം ചെലവിലും ഉത്തരാവാദിത്ത്വത്തിലും മററു സാധന സാമഗ്രികൾക്കോ, കെട്ടിടങ്ങൾക്കോ യാതൊരു കേടുപാടുകളും കൂടാതെയും തുറമുഖത്തെ മറ്റു പ്രവർത്തനങ്ങളെ ബാധിക്കാതെയും ചെയ്യേണ്ടതാണ്. ഏറ്റവും കൂടുതൽ തുക ക്വോട്ടു ചെയ്ത ഒന്നാമത്തെയും രണ്ടാമത്തെയും വ്യക്തികളുടെ ഒഴികെ മറ്റുള്ളവ്വരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞ ഉടൻ തന്നെ മടക്കി നൽകുന്നതാണ്. തുറമുഖ വകുപ്പിൽ നിലവിലുള്ള എല്ലാ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും. ലേല നിബന്ധനകൾക്ക് വിപരീതമായി പ്രവർത്തിക്കുന്ന ആളിന്റെ ലേലം അസ്ഥിരപ്പെടുത്തുന്നതും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഉത്തരവാദിയും ആയിരിക്കും.

ലേലത്തെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് മേൽപ്പറഞ്ഞ ഓഫീസിൽ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

സ്പെഷ്യൽ ഓഫീസർ